ദേശാഭിമാനി
Kochi edition
Date : 7/11/2025
Page no : 2
Column no : 5

# ത്രോബോൾ മിനി വിഭാഗം ചാമ്പ്യൻഷിപ്പ്

മട്ടാഞ്ചേരി: 12 വയസിനു താഴെയുള്ള കുട്ടികൾക്കായുള്ള ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് 12 ന് മട്ടാഞ്ചേരി ഗുജറാത്തി റോഡിലെ കുറുവ മൈതാനത്ത് നടക്കും. പങ്കെടുക്കുവാൻ താൽപര്യമുള്ള കളിക്കാരുടെയും ,ടീമിന്റെയും രജിസ്ട്രേഷൻ 5 ന് മുൻപായി ചെയ്യേണ്ടതാണെന്ന് ജില്ല അസോ: സെക്രട്ടറി സൽമാൻ ഫാരിഷ് അറിയിച്ചു. ഫോൺ: 9207075619.

മലയാള മനോരമ
Kochi edition
Date : 7/11/2025
Page no : 2
Column no : 6

# ത്രോബാൾ മിനി വിഭാഗം ചാമ്പ്യൻഷിപ്

**മട്ടാഞ്ചേരി:** 12 വയസിനു താഴെയുള്ള കുട്ടികൾക്കായുള്ള ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് ഈ മാസം 12 ന് മട്ടാഞ്ചേരി ഗുജറാത്തി റോഡിലെ കുറുവ മൈതാനത്ത് നടക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ള കളിക്കാരും ടീമും ഈ മാസം അഞ്ചിന് മുമ്പായി രജിസ്ട്രർ ചെയ്യണമെന്ന് ജില്ല അസോ. സെക്രട്ടറി സൽമാൻ ഫാരിഷ് അറിയിച്ചു. ഫോൺ: 9207075619.

# മാധ്യമം
**Kochi edition**
**Date : 9/12/2025**
**Page no : 3**
**Column no : 7,8,9**




ത്രോബാൾ ജില്ല മിനി ചാമ്പ്യൻഷിപ് കരസ്ഥമാക്കിയ തിരുവാണിയൂർ സ്റ്റെല്ല മേരി സ്കൂൾ, ക്ലബ് ടീം

**ത്രോബാൾ**

# തിരുവാണിയൂർ സ്റ്റെല്ല മേരീസ് ചാമ്പ്യൻമാർ

മട്ടാഞ്ചേരി: ത്രോബാൾ ജില്ല മിനി ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് സ്കൂൾ ചാമ്പ്യന്മാരായി. കലാശക്കളിയൽ കൊച്ചിൻ റിഫൈനറീസ് സ്കൂളിനെയാണ് 15-5, 15-3 സ്കോറിൽ പരാജയപ്പെടുത്തിയത്. തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബും ഗുജറാത്തി വിദ്യാലയയും മൂന്നാം സ്ഥാനം പങ്കുവെച്ചു. പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബിനാണ് ഒന്നാം സ്ഥാനം. കൂവപ്പാടി സെന്റ് ആന്റണീസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബും കൊച്ചിൻ റിഫൈനറീസും മൂന്നാംസ്ഥാനം പങ്കിട്ടു. സ്റ്റെല്ല മേരീസ് സ്കൂളിലെ ജോൺ ജോബി, നിയ മാത്യു എന്നിവർ മികച്ച കളിക്കാരായി തെരഞ്ഞെടുത്തു. സമാപന ചടങ്ങിൽ വിജയികൾക്ക് ഗുജറാത്തി വിദ്യാലയ മാനേജർ ചേതൻ ഡി. ഷാ, ഒബ്സർവർ വി.എസ്. ഷിഹാബുദ്ദീൻ എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു. അസോ. ജില്ല സെക്രട്ടറി ഇൻ ചാർജ് സൽമാൻ ഫാരിഷ് അധ്യക്ഷത വഹിച്ചു.

ത്രോബാൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സി. കമ്മിറ്റി അംഗം കെ.എം. ഷാഹുൽ ഹമീദ് സംസാരിച്ചു.